# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in&kauagmet@yahoo.co.in

## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## ഒല്ലൂക്കര ബ്ലോക്ക്, തൃശ്ശൂർ ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

എ.എ.എസ് 39/2020(78), വെള്ളിയാഴ്ച **തീയ്യതി 25.09.2020**

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 26.09.2020 | 27.09.2020 | 28.09.2020 | 29.09.2020 | 30.09.2020 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 13.3 | 7.5 | 0.3 | 6.8 | 15.4 |
| ഉയർന്ന താപനില (°C) | 31.8 | 33.2 | 33.9 | 33.4 | 30.8 |
| കുറഞ്ഞ താപനില (°C) | 23.5 | 23.5 | 23.7 | 23.7 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 97 | 97 | 97 | 96 | 97 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 83 | 65 | 61 | 64 | 85 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 3 | 4 | 4 | 5 | 5 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 248 | 296 | 296 | 285 | 251 |
| മേഘവ്യാപ്തി (ഒക്ട്സ) | 8 | 8 | 8 | 8 | 8 |

**ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത.**

കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ: കാർഷിക വിളകളെ മഴക്കാല രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി കൃഷിയിടങ്ങളിൽ മതിയായ നീർവാർച്ച സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക.** | | |
| **നെല്ല്** (മുണ്ടകൻ) | നിലമൊരുക്കൽ മുതൽ പറിച്ചുനടീൽ വരെ | മുണ്ടകൻ കൃഷി ഇറക്കുന്ന പാടങ്ങളിൽ നിലം ഒരുക്കലും ഞാറ്റടി തയ്യാറാക്കലും ആരംഭിക്കാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്തു നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ ഒരു പരിധിവരെ തടയാം. പറിച്ചുനടുന്നതിനു മുൻപ് 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. നെല്ലിലെ സൂക്ഷ്മ മൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി നെല്ലിന്റെ സമ്പൂർണ്ണ 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. |
| തെങ്ങ് | പരിചരണം | ഒരു വർഷത്തേക്കുള്ള രാസവള പ്രയോഗത്തിന്റെ രണ്ടാം ഗഡു, ജലസേചന സൗകര്യമുള്ള തെങ്ങുകൾക്ക 550 ഗ്രാം യൂറിയ, 700 ഗ്രാം രാജ്ഫോസ്, 800 ഗ്രാം പൊട്ടാഷ് വീതവും മഴയെ ആശ്രയിച്ച കൃഷി ചെയ്യുന്ന തെങ്ങുകൾക്ക 500 ഗ്രാം യൂറിയ, 800 ഗ്രാം രാജ്ഫോസ്, ഒരു കിലോ പൊട്ടാഷും തെങ്ങൊന്നിന് ഇട്ടു കൊടുക്കാവുന്നതാണ്. |
| ഇഞ്ചി | മൂടുചീയൽ | മഴപെയ്യുന്ന സാഹചര്യത്തിൽ ഇഞ്ചിയിൽ മൂടുചീയൽ രോഗം കാണുകയാണെങ്കിൽ, രോഗബാധിതമായ ചെടികൾ കിളച്ചുമാറ്റി 2 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ മണ്ണിൽ കലക്കി ഒഴിക്കുക. |
| മഞ്ഞൾ | ഇല കരിച്ചിൽ | മഞ്ഞളിൽ ഇല കരിച്ചിൽ രോഗം നിയന്ത്രിക്കുന്നതിനായി കോൺടാഫ് (ഹെക്സാകൊണാസോൾ) രണ്ട് മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പച്ചക്കറികൾ (പയർ) | കരിവള്ളിക്കേട് | മഴക്കാലത്ത് പയറിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട് പ്രതിവിധിയായി ഒരു ശതമാനം ബോർഡോമിശ്രിതം കലക്കി തളിക്കുക അല്ലെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | കുളമ്പ് ചീയൽ, കുളമ്പിനുണ്ടാകുന്ന ക്ഷതങ്ങൾ എന്നിവ ഒഴിവാക്കുന്നതിനായി വെള്ളക്കെട്ടുകളിൽ മേയാൻ വിടാതിരിക്കുക. | |